# പ്രാർത്ഥന

## ലൂക്കോസ് 11:2

“നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ചൊല്ലേണ്ടിയതു: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ”

പ്രാർത്ഥന എന്നു പറയുന്നത് നമ്മെ സംബന്ധിച്ച് നമ്മുടെ ആവശ്യങ്ങൾ ദൈവത്തെ അറിയിക്കുന്നതിനുള്ള ഒരു ഉപാധിയായി മാറിക്കഴിഞ്ഞിരിക്കുന്ന കാലഘട്ടത്തിലാണ് ഞാനും നിങ്ങളും ഇന്നായിരിക്കുന്നത്. എന്നാൽ ഇവിടെ ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ എങ്ങനെ പ്രാർത്ഥിക്കണം എന്നു യേശു തന്റെ ശിഷ്യന്മാർക്ക് കാണിച്ചുകൊടുക്കുകയാണ്. ദൈവത്തെ നമ്മുടെ സ്വന്തം പിതാവായി അംഗീകരിച്ചു കൊണ്ട്, മക്കൾ തങ്ങളുടെ പിതാവിന്റെ അടുത്ത് എങ്ങനെയാണോ സംസാരിക്കുന്നത് അതു പോലെ ഒരു ബന്ധം ദൈവവുമായി നിരന്തരം നമുക്കുണ്ടാവാൻ യേശു ആഗ്രഹിക്കുന്നു. നമ്മെ അറിയുകയും, അനുഗ്രഹിക്കുകയും, വേണ്ടതെല്ലാം നൽകിത്തരികയും, നമ്മുടെ പാപങ്ങളെല്ലാം ക്ഷമിക്കുകയും ചെയ്യുന്ന ആ നല്ല ദൈവവുമായി എന്നും ഒരു ആത്മബന്ധം പുലർത്താനായിട്ടുള്ള ഒരു ആഹ്വാനമാണിവിടെ കർത്താവിൽ നിന്നു ലഭിക്കുന്നത്.

മത്തായി 6:6 ൽ ഇപ്രകാരം പറയുന്നു “നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും.” ഇവിടെ ആ ആത്മ ബന്ധത്തെക്കുറിച്ച് കുറച്ചു കൂടി വ്യക്തത നൽകുകയാണ്. നാം ഒരു പൊതുസമൂഹത്തിൽ ആയിരിക്കുമ്പോൾ അല്ലെങ്കിൽ ഒരു കൂട്ടായ്മയിൽ ആരാധിക്കുമ്പോൾ നമുക്ക് ദൈവവുമായി ബന്ധമുണ്ടെങ്കിലും നാം ഒരു മുറിയിൽ വാതിൽ അടച്ച് ഒറ്റക്കിരിക്കുമ്പോൾ അല്ലെങ്കിൽ മറ്റാരുടെയും ഇടപെടലുകളൊന്നുമില്ലാതെ നാം തനിച്ചായിരിക്കുന്ന അവസ്ഥയിൽ മാത്രമേ നമുക്ക് ദൈവവുമായി ഒരു ആത്മബന്ധം പുലർത്തുവാൻ കഴിയുകയുള്ളൂ. അവിടെ നമ്മളും ദൈവവുമായുള്ള ഒരു സ്വകാര്യമായ സംവദനം ആണു നടക്കുന്നത്. നമുക്ക് ദൈവത്തോട് എന്തു വേണമെങ്കിലും പറയാനും, നമ്മുടെ പ്രയാസങ്ങളെയും, പ്രതിബന്ധങ്ങളെയും അവന്റെ മുമ്പിൽ അവതരിപ്പിക്കുവാനുമുള്ള ഒരവസരമാണത്. അതു തന്നെയാണ് ദൈവവും നമ്മിൽ നിന്നാഗ്രഹിക്കുന്നത്. തന്റെ ഏകജാതനെ ബലിയർപ്പിക്കുകവഴി നമ്മുടെ പാപങ്ങളെല്ലാം

ക്ഷമിച്ച് നമ്മെ തന്റെ മക്കളാക്കിത്തീർത്തിരിക്കുന്ന നമ്മുടെ പിതാവാം ദൈവത്തിന്റെ സന്നിധിയിലേക്കു കടന്നു ചെന്ന് അവനെ അബ്ബാ പിതാവേ എന്നു വിളിച്ച് അവനോടൊപ്പം ഇരുന്നു അവനോട് സംവദിക്കുകയും അവൻ നൽകുന്ന ഉപദേശങ്ങളും കൽപ്പനകളും അനുസരിക്കുകയും അവന്റെ പാതയിൽ നടക്കുകയും ചെയ്യുന്ന നല്ല പൈതലായിരിക്കുവാനാണ് അവൻ ആഗ്രഹിക്കുന്നത്.

ഫിലിപ്പിയർ 4:6 ൽ പറയുന്നു "ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു."

പ്രിയ ദൈവമക്കളെ നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവു നമ്മെ സ്നേഹിക്കുന്നു. ആയതിനാലാണ് അവൻ ക്രിസ്തുവിനെ നമുക്കുവേണ്ടി യാഗമാവാൻ ഈ ഭൂമിയിലേക്കയച്ചത്. അവൻ നമുക്കു വേണ്ടി ചൊരിഞ്ഞ ഓരോ തുള്ളി രക്തത്താലും നാം നിരന്തരം കഴുകൽ പ്രാപിച്ച് ദൈവത്തിന്റെ കൃപാസനത്തിന്റെ അടുക്കൽ ചെല്ലേണ്ടതാകുന്നു. അവൻ നമ്മിൽ നിന്നു ഒരു ആത്മബന്ധം ആഗ്രഹിക്കുന്നു. അതു നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്ന ഒരാളെന്നതിലുപരി ആ പിതാവെന്നുള്ള പദവിക്കു യോഗ്യമാം വണ്ണം മക്കളെങ്കിൽ അവകാശികളെന്ന് തിരിച്ചറിഞ്ഞു കൊണ്ട് അതിന്നു തക്കവണ്ണമുള്ള ഒരു ബന്ധം ഉണ്ടാകുവനായി അവന്റെ പരിശുദ്ധാത്മാവിനാൽ നമ്മെ നയിക്കട്ടെ, ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :

1 യോഹന്നാൻ 5:14

അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്കു അവനോടുള്ള ധൈര്യം ആകുന്നു.

ബ്രദർ ബിനു ബേബി ആലപ്പുഴ 059